**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1618** — **13-02-2025 - ൽ മറുപടിയ്ക്ക്**

**ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച കാർഷിക മേഖലയിൽ ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ; | (എ) | കൃഷി, മൃഗസംരക്ഷണം ക്ഷീര വികസനം എന്നീ മേഖലകളിലെ വിവിധ പരിപാടികൾ ഒറ്റയ്ക്കോ കൂട്ടായോ തെരെഞ്ഞെടുത്തു തൊഴിൽ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ 1993-1994 -ൽ ആരംഭിച്ച പദ്ധതിയാണ് കാർഷിക മേഖലയിൽ ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി. 1994 ജൂലൈ ഒന്നാം തീയതി 20 വയസ് പൂർത്തിയായവരും 35 വയസിനു മുകളിൽ പ്രായമാകാത്തവരും (പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിന് ഉയർന്ന പ്രായ പരിധി 40 വയസ്), 5 സെന്റ് ഭൂമിയെങ്കിലും സ്വന്തമായോ കൈവശമോ ഉള്ള വ്യക്തികളാണ് പദ്ധതിയിൽ അംഗമായത്. 100/- രൂപ രജിസ്ട്രേഷൻ ഫീസും 1000/- രൂപ പദ്ധതി വിഹിതവും ജനറൽ വിഭാഗത്തിനും പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിന് 100/- രൂപ രജിസ്ട്രേഷൻ ഫീസും ഒടുക്കിയാണ് അംഗമായത്. പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലുണ്ട്. ടി പദ്ധതിയിൽ നിലവിൽ 83,881 അംഗങ്ങളാണ് തുടരുന്നത്.<br><br>ഈ പദ്ധതിയിൽ താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ആണ് നൽകി വരുന്നത്<br><br>1. പദ്ധതി അംഗമായി തുടർന്ന് 60 വയസ്സ് തികഞ്ഞ അംഗങ്ങൾക്ക് -ഗ്രാറ്റുവിറ്റി 30000/- രൂപ പ്രതിമാസ പെൻഷൻ-1000/- രൂപ<br>2. പദ്ധതി അംഗമായിരിക്കെ 60 വയസ്സിനു മുൻപ് മരണപ്പെട്ടാൽ -നോമിനിയ്ക്ക് 25000/- രൂപ ഒറ്റത്തവണ മരണാനന്തര ആനുകൂല്യം<br>3. 60 വയസ്സ് പൂർത്തിയശേഷം മരണമടഞ്ഞ പദ്ധതി അംഗത്തിന്റെ നോമിനിക്ക് അംഗത്തിന്റെ മരണംവരെയുള്ള കാലയളവിലെ പെൻഷൻ/ഗ്രാറ്റുവിറ്റി അനുവദിക്കുന്നത് (ഒറ്റ തവണ) |

| | | | |
|---|---|---|---|
| | | | 4. പദ്ധതി അംഗമായിരിക്കെ ശാരീരികവും മാനസികമായും പൂർണ്ണമായ അവശതകൾ കാരണം കാർഷിക മേഖലയിൽ തുടരാൻ കഴിയാത്തവർക്ക് 25000/- രൂപ ഒറ്റ തവണ ആനുകൂല്യം.<br>5. പ്രായപരിധിയിൽ വ്യത്യാസമുള്ള പദ്ധതി അംഗത്തിന് സർക്കാർ ഉത്തരവ് പ്രകാരം അംഗമായി ചേർന്നുകൊണ്ട് പെൻഷൻ ഗ്രാറ്റുവിറ്റി പദ്ധതി പ്രകാരമുള്ള മറ്റ് ആനുകൂല്യങ്ങളും<br>6. മറ്റ് തൊഴിലിൽ ഏർപ്പെട്ടതിനാൽ പദ്ധതിയിൽ നിന്നും സ്വമേധയാ പിരിഞ്ഞു പോയവർക്ക് ഒറ്റ തവണ ആനുകൂല്യം 7500/- രൂപ |
| (ബി) | ആയിരം രൂപ അടച്ച് പ്രസ്തുത പദ്ധതിയിൽ അംഗമായ അറുപത് വയസ്സ് കഴിഞ്ഞവർക്ക് നിലവിൽ മുപ്പതിനായിരം രൂപ ഗ്രാറ്റുവിറ്റിയും ആയിരം രൂപ പ്രതിമാസ പെൻഷനും നല്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ആയിരം രൂപ അടച്ച് പ്രസ്തുത പദ്ധതിയിൽ അംഗമായ അറുപത് വയസ്സ് കഴിഞ്ഞവർക്ക് നിലവിൽ മുപ്പതിനായിരം രൂപ ഗ്രാറ്റുവിറ്റിയും ആയിരം രൂപ പ്രതിമാസ പെൻഷനും നൽകി വരുന്നുണ്ട്. |
| (സി) | അറുപത് വയസ്സിനുശേഷം കൃഷിഭവനിൽ അപേക്ഷ സമർപ്പിച്ച അംഗങ്ങൾക്ക് ഒരുവർഷം കഴിഞ്ഞിട്ടും ആനുകൂല്യം ലഭ്യമാക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ; | (സി) | അപാകതകളോടെ അപേക്ഷകൾ ലഭ്യമാകുമ്പോൾ, ആയതു അപേക്ഷകരിൽ നിന്നും പരിഹരിച്ചു തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു. അപാകതകൾ ഇല്ലാതെ ലഭ്യമാക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിച്ചുവരുന്നു. അപേക്ഷകളിൽ ദ്രുതഗതിയിൽ തീർപ്പ് കല്പിക്കുന്നതിന് അദാലത്തുകളും നടത്തുന്നുണ്ട്. |
| (ഡി) | കൃഷി ഭവനുകൾ ക്ലീയർ ചെയ്ത അപേക്ഷകളിന്മേൽ എന്ത് നടപടി സ്വീകരിച്ച് വരുന്നുവെന്ന് വ്യക്തമാക്കുമോ? | (ഡി) | കൃഷി ഭവനുകൾ ക്ലിയർ ചെയ്ത അപേക്ഷകൾ/ ക്ലെയിമുകൾ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലും പ്രിൻസിപ്പൽ കൃഷി ഓഫീസിലും പരിശോധന നടത്തി ജില്ലാ തല കമ്മിറ്റിയുടെ അംഗീകാരത്തോടെ കൃഷി ഡയറക്ടർക്ക് സമർപ്പിക്കുന്ന ക്ലെയിമുകൾ സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം ആനുകൂല്യം ഗുണഭോക്താക്കൾക്ക് അനുവദിക്കുകയാണ് ചെയ്തുവരുന്നത്. |

സെക്ഷൻ ഓഫീസർ